(ബി) ഫാക്ടറി ഭീമമായ നഷ്ടത്തിലാണ് തുടക്കം മുതൽ പ്രവർത്തിച്ചു വരുന്നത്. വർദ്ധിച്ച കടബാദ്ധ്യത (പി.എഫ്., ഇ.എസ്.ഐ., സെയിൽസ് ടാക്സ്, ശമ്പള കുടിശ്ശിക) പ്രവർത്തന മൂലധനമില്ലായ്മ, ജീവനക്കാരുടെ സമരം ഇവ ഫാക്ടറിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. 10 മാസത്തെ ശമ്പളം ജീവനക്കാർക്ക് നൽകാനുണ്ട്.

(സി) ഫാക്ടറിയുടെ പ്രവർത്തനം ത്വരിതപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് സർക്കാരിനയയ്ക്കുകയും വിശദമായ പഠനത്തിനും ശുപാർശയ്ക്കും അത് എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിക്ക് നൽകുകയും അവരുടെ വിശദമായ പഠനത്തിനും ജീവനക്കാരുടെ സംഘടനകളു മായുള്ള ചർച്ചയ്ക്കും ശേഷം ഇ.ആർ.സി. ഇതു സംബന്ധിച്ച ശുപാർശ സർക്കാരിന് നൽകുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാരിന്റെ സജീവപരിഗണനയിലാണ്.

(ഡി) പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി സാമ്പത്തിക സ്ഥിതി മെച്ച പ്പെടുന്ന സാഹചര്യത്തിൽ മുഴുവൻ ശമ്പളവും കൊടുത്തു തീർക്കാൻ കഴിയും. ജീവനക്കാർ സമരം നിർത്തിവച്ച് ഉൽപ്പാദനം പുനരാരംഭിച്ചുണ്ടാക്കുന്ന വരുമാന ത്തിന്റെ അടിസ്ഥാനത്തിൽ ശമ്പള കുടിശ്ശിക കുറേശ്ശെ നൽകാൻ കഴിയും.

പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത

80 [1212] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലിറ്റർ പാലാണ് ഉൽപ്പാദിപ്പിക്കുന്നത്;

(ബി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാലാണ് കേരളത്തിൽ വന്നെത്തുന്നത്;

(സി) പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത നേടാൻ എന്തെല്ലാം പദ്ധതികളാണ് പ്രാവർത്തികമാക്കാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; അവ ഓരോന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) താൽക്കാലിക കണക്കുപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് 25 ലക്ഷം ടൺ പാൽ ഉൽപ്പാദിപ്പിക്കപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഏകദേശം 5 ലക്ഷം ലിറ്റർ പാൽ പ്രതിദിനം കേരളത്തിൽ വന്നെത്തുന്നതായി കണക്കാക്കപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. പച്ചപ്പുൽ കൃഷി വ്യാപന പരിപാടി.
2. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.
3. സംഘടിത വിപണന പ്രവർത്തനം മെച്ചപ്പെടുത്തൽ.
4. ഗുണമേന്മയുള്ള സമീകൃത കാലിത്തീറ്റ ന്യായമായ വിലയ്ക്ക് പൊതുമേഖലയിലും സഹകരണമേഖലയിലും ഉൽപ്പാദിപ്പിച്ച് കർഷകന് ലഭ്യമാക്കുക.
5. സമ്പൂർണ്ണ കന്നുകാലി രോഗവിമുക്ത മേഖല നടപ്പിലാക്കുക.
6. കൂടുതൽ പാലുല്പാദനം നടത്തുന്നതിന് ആവശ്യമായ പോഷണ പരിഷ്കരണ നടപടികൾ കെ.എൽ.ഡി. ബോർഡിൽ നടപ്പിലാക്കുക.
7. മെച്ചപ്പെട്ട പ്രചാരണ പരിപാടികൾ നടപ്പിലാക്കുക.

അന്യ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന പാലിന്റെ ഗുണനിലവാരം

81 [1213] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽ നിന്ന് എത്ര അളവ് പാൽ ദിവസവും സംസ്ഥാനത്തേക്ക് വരുന്നുണ്ട് എന്ന് കണക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ അവ വെളിപ്പെടുത്താമോ;

(ബി) തമിഴ്നാട്ടിൽ നിന്ന് അനധികൃതമായി പാൽ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇങ്ങനെ എത്തുന്ന പാലിൽ ഹാനികരമായ വിഷപദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ട് എന്ന റിപ്പോർട്ടിനെക്കുറിച്ച് സർക്കാരിന് അറിവുണ്ടോ;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാലിന്റെ ഗുണനിലവാര പരിശോധനയ്ക്ക് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) കൃത്യമായി കണക്കെടുത്തിട്ടില്ല.

(ബി) പ്രവേശന നികുതി നൽകാതെ തമിഴ്നാട്ടിൽ നിന്നും അനധികൃത മായി പാൽ കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇതിനായി ആവശ്യമായ പരിശോധനകൾ നടത്തുന്നതിന് ക്ഷീര വികസന വകുപ്പിനും, ആരോഗ്യ വകുപ്പിനും സംവിധാനം ഉണ്ട്. കൂടാതെ മിൽമ കൊണ്ടുവരുന്ന പാൽ പരിശോധിക്കുന്നതിനാവശ്യമായ ആധുനിക സംവിധാനങ്ങൾ മിൽമയുടെ എല്ലാ ഡയറി പ്ലാന്റുകളിലും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly